# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി V

## (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (PUBLIC WORKS, TRANSPORT AND COMMUNICATIONS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
## (2013-2014)

**THIRD REPORT**
**ON THE SCRUTINY OF DEMANDS FOR GRANTS**
**(2013-2014)**

2013 ജൂൺ 10-ാം തീയതി സമർപ്പിച്ചത്
(Presented on 10th June, 2013)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി V**

**(SUBJECT COMMITTEE V)**

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

(PUBLIC WORKS, TRANSPORT AND COMMUNICATIONS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**

**(2013-2014)**

**THIRD REPORT**
**ON THE SCRUTINY OF DEMANDS FOR GRANTS**
**(2013-2014)**

735/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി V

## (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2011-2013)

### ഘടന

ചെയർമാൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,
പൊതുമരാമത്ത് വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി.

ശ്രീ. കെ. ബാബു
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ബെന്നി ബെഹനാൻ*

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. രാജു

ശ്രീ. സി. എഫ്. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

---

* 27-6-2012-ലെ 226-ാം നമ്പർ ബുള്ളറ്റിൻപ്രകാരം ശ്രീ. ബെന്നി ബെഹനാനെ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ലെ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

# അവതാരിക

2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി-V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2013 ഏപ്രിൽ മാസം 29, മേയ് മാസം 8, 15 എന്നീ തീയതികളിൽ സമിതി യോഗം ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ IX —വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XV —പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL —തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI —ഗതാഗതം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2013 മേയ് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2013 മേയ് 15.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ IX—വാഹനനികുതികൾ

വോട്ട് ചെയ്തത് : 75,04,65,000 രൂപ

ചാർജ് ചെയ്തത് : 1,000 രൂപ

2041—വാഹനനികുതികൾ

2041-00-001-99-17—വാഹനനികുതികൾ-നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ-ചെറുകിട മരാമത്തുപണികൾ

വിഹിതം : 1,00,000 രൂപ (നോൺ പ്ലാൻ)

1. മോട്ടോർ വാഹനവകുപ്പിൽ, സർക്കാരിന്റെ പ്രത്യേക അനുമതിയുള്ള ചെറുകിട മരാമത്ത് പണികൾക്കും ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിനുമുള്ള ചെലവുകൾക്കുമായി 2013-14 വർഷത്തേക്ക് പ്രസ്തുത ശീർഷകത്തിൽ ഒരു ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വകുപ്പിന്റെ പ്രധാന പദ്ധതികളായ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക്, ചെക്ക് പോസ്റ്റുകളുടെ നവീകരണം എന്നിവയ്ക്കും പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള ഉപകരണങ്ങളുടെ റിപ്പയറുകൾക്കും മറ്റും തുക അത്യാവശ്യമായതിനാൽ ഈ ശീർഷകത്തിൽ 49 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-001-99-21-2—വാഹനനികുതികൾ-ഭരണവും നടത്തിപ്പും-ഭരണച്ചെലവുകൾ മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 2,50,000 രൂപ (നോൺ പ്ലാൻ)

2. ഹെഡ്ക്വാർട്ടേഴ്സിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2013-14 വർഷത്തേക്ക് 2.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2.18 ലക്ഷം രൂപ പൂർണ്ണമായും ടി സാമ്പത്തികവർഷം പൂർത്തിയാകുന്നതിനുമുമ്പ് തന്നെ ചെലവാകുകയും ചെയ്തു. നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 2.50 ലക്ഷം രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-001-99-28—വാഹനനികുതികൾ-നടത്തിപ്പുംഭരണവും-ഭരണച്ചെലവുകൾ-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

വിഹിതം : 2,00,000 രൂപ (നോൺ പ്ലാൻ)

3. നിയമോപദേശത്തിനും അപ്പലേറ്റ് ട്രൈബ്യൂണൽ, റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുടെയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെയും സ്റ്റാൻഡിംഗ് കൗൺസിലിനുമുള്ള ഫീസ്, അനുബന്ധ ചെലവുകൾ മുതലായവയ്ക്ക് വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം

2 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തികവർഷം ഈയിനത്തിൽ 2 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പരിശീലന ചെലവിനത്തിൽ വലിയതുക ചെലവഴിക്കേണ്ടിവന്നതിനാൽ അധികതുക കണ്ടെത്തുന്നതിനായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി മൊത്തം തുക 5.22 ലക്ഷമായി വർദ്ധിപ്പിക്കുകയും ഇതിൽ 4.86 ലക്ഷത്തിലധികം രൂപ ചെലവഴിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, നടപ്പുവർഷവും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പരിശീനത്തിനും കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സ്റ്റാൻഡിംഗ് കൗൺസിലിനുള്ള ഫീസിനത്തിലും വലിയതുക ചെലവാകുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2 ലക്ഷം രൂപയ്ക്കുപുറമേ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-001-98—വാഹനനികുതികൾ-നടത്തിപ്പുംഭരണവും-ഫെയർ റിവിഷൻ കമ്മിറ്റി.

വിഹിതം : 13,00,000 രൂപ (നോൺ പ്ലാൻ)

4. ഗതാഗതമേഖലയിലെ നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ചെലവിനങ്ങളിലേക്കായി നടപ്പു സാമ്പത്തികവർഷം 13 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ, കഴിഞ്ഞ സാമ്പത്തിക വർഷം ഫെയർ റിവിഷൻ കമ്മിറ്റിയുടെ ചെലവുകൾക്കായി കൂടുതൽ തുക ആവശ്യമായി വന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി 16 ലക്ഷമായി ഉയർത്തുകയും അതിൽ 15.44 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 13 ലക്ഷം രൂപയ്ക്ക് പുറമേ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-102-99-18—വാഹനനികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന-സംരക്ഷണം

വിഹിതം : 25,000 രൂപ (നോൺ പ്ലാൻ)

5. അമരവിള, ആര്യങ്കാവ്, വാളയാർ എന്നീ മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള വെയ്ബ്രിഡ്ജുകളുടെ സംരക്ഷണ ചുമതലയ്ക്കായി, തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 25,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മോട്ടോർ വാഹനവകുപ്പിന്റെ എൻഫോഴ്സ്മെന്റ് ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ, ഫോട്ടോകോപ്പിയറുകൾ, ഫ്രാങ്കിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

വോട്ട് ചെയ്തത് : 32,30,16,05,000 രൂപ

ചാർജ് ചെയ്തത് : 50,71,32,000 രൂപ

2059—പൊതുമരാമത്ത്

2059-01-051—പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം

വിഹിതം—1,59,00,000 രൂപ (നോൺ പ്ലാൻ)

6. നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കുള്ള തുകയാണ് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. 41.27 ലക്ഷം ച. വിസ്തീർണ്ണം വരുന്ന 6351 കെട്ടിങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെന്നും ഇതിൽ ഓഫീസ് വികസനത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള ചെറുകിട മരാമത്ത് പണികൾക്കായി 425.20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 266.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-01-053—പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം—35,69,00,000 രൂപ (നോൺ പ്ലാൻ)

7. വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 72.60 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 35.69 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-60-051—പൊതുമരാമത്ത്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം

വിഹിതം : 6,25,00,000 രൂപ (നോൺ പ്ലാൻ)

8. നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി എന്നീ വകുപ്പുകളുടെ മറ്റു കെട്ടിടങ്ങളുടെയും ന്യൂഡൽഹിയിലെ കേരള ഹൗസിന്റേയും ചെറുകിട മരാമത്തു പണികൾക്കുള്ള തുകയും വി.ഐ.പി. വിസിറ്റിന് ആവശ്യംവരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-60-053—പൊതുമരാമത്ത്-മറ്റ് കെട്ടിടങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും

വിഹിതം : 53,76,20,000 രൂപ (നോൺ പ്ലാൻ)

9. നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി, ആരോഗ്യം തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടിവരുന്ന തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-80-053—പൊതുമരാമത്ത്-ജനറൽ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 20,38,00,000 രൂപ (നോൺ പ്ലാൻ)

10. കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കൽ തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരള ഹൗസിന്റെ സംരക്ഷണം എന്നിവയ്ക്കുവേണ്ടിയുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ഈ ശീർഷകത്തിൽ 37.50 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 20.38 കോടി രൂപമാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054—റോഡുകളും പാലങ്ങളും

3054-01-001-99—റോഡുകളും പാലങ്ങളും-ഭരണവും നടത്തിപ്പും-ചീഫ് എഞ്ചിനീയർ നാഷണൽ ഹൈവേ

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

3,09,19,000 രൂപ (നോൺ പ്ലാൻ)

11. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ ശമ്പളം, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. 1-4-2013 മുതൽ സബ് ഓഫീസുകളുടെ കറണ്ട് ചാർജ്ജ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നൽകണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിലും അതിന് ആവശ്യമായ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-01-001-98—റോഡുകളും പാലങ്ങളും-മേൽനോട്ടവും നിർവ്വഹണവും

വിഹിതം : 42,43,00,000 രൂപ, വോട്ട്ചെയ്തത് (നോൺ പ്ലാൻ)

12. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ

42.43 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 06-വാടക, കരം, നികുതി എന്ന ഇനത്തിലുള്ള തുക വളരെക്കുറവായതിനാൽ ആയതിൽ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും 12-സ്കോളർഷിപ്പ് സ്റ്റൈപ്പന്റ് എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക 2.50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

3054-01-800-99—റോഡുകളും പാലങ്ങളും-മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

13. പ്രസ്തുത ശീർഷകത്തിൽ നിന്നും നിലവിൽ 95 ലക്ഷം രൂപയുടെ ബില്ല് കൊടുക്കാനുണ്ടെന്നും കൂടാതെ മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈഭാഗത്ത് ആവശ്യമായി വന്നിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 5 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-99—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡുപണികൾ-സാധാരണ അറ്റകുറ്റപ്പണികൾ

വിഹിതം : 118,80,00,000 രൂപ, വോട്ട് ചെയ്തത് (നോൺ പ്ലാൻ)

3,30,000 രൂപ ചാർജ് ചെയ്തത് (നോൺ പ്ലാൻ)

14. പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി അധിക തുക ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 300 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-98—റോഡുകളും പാലങ്ങളും-സംസ്ഥാനഹൈവേകൾ-റോഡുപണികൾ-ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

വിഹിതം : 118,80,00,000 രൂപ, വോട്ട് ചെയ്തത് (നോൺ പ്ലാൻ)

4,00,000 രൂപ, ചാർജ് ചെയ്തത് (നോൺ പ്ലാൻ)

15. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 500 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-97—റോഡുകളും പാലങ്ങളും-സംസ്ഥാനഹൈവേകൾ-റോഡുപണികൾ-ഗതാഗതസൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

വിഹിതം : 55,44,00,000 രൂപ, വോട്ട് ചെയ്തത് (നോൺ പ്ലാൻ)

3,00,000 രൂപ ചാർജ് ചെയ്തത് (നോൺ പ്ലാൻ)

16. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കുവേണ്ടി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 200 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-96—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-റോഡുപണികൾ-വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

വിഹിതം : 18,70,00,000 രൂപ (നോൺ പ്ലാൻ)

17. വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 150 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-95—റോഡുകളും പാലങ്ങളും-സംസ്ഥാനഹൈവേകൾ-റോഡുപണികൾ-വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

വിഹിതം : 6,60,00,000 രൂപ (നോൺ പ്ലാൻ)

18. വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾക്കായാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ, പ്രസ്തുത തുക 6.6 കോടിയിൽ നിന്നും 10 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-94—റോഡുകളും പാലങ്ങളും-സംസ്ഥാനഹൈവേകൾ-റോഡുപണികൾ-നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

വിഹിതം : 3,96,00,000 രൂപ (നോൺ പ്ലാൻ)

19. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളിലെ അറ്റകുറ്റപ്പണികൾക്കു വേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി

മനസ്സിലാക്കുന്നതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 3.96 കോടിയിൽ നിന്നും 10 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-93—റോഡുകളും പാലങ്ങളും-സംസ്ഥാനഹൈവേകൾ-റോഡു പണികൾ-ശബരിമല വർക്കുകൾ

വിഹിതം : 7,92,00,000 രൂപ (നോൺ പ്ലാൻ)

20. ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന 7.92 കോടി രൂപ അപര്യാപ്തമായതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക 7.92 കോടിയിൽ നിന്നും 25 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-05-337-99—റോഡ് പണികൾ-സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

വിഹിതം : ഇല്ല

21. നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന റോഡുകളുടെയും മറ്റു റോഡുകളുടേയും പണികൾക്കായും കടപ്ര-വീയപുരം റോഡുകളുടെ മുമ്പ് തീർന്ന പണികൾക്ക് കൊടുത്തുതീർക്കുന്നതിനായും പ്രസ്തുത ശീർഷകത്തിൽ 70 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-001-99—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം : 8,65,21,000 രൂപ (നോൺ പ്ലാൻ)

22. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക 4,00,000 രൂപയായും, വൈദ്യുതി ചെലവിനുള്ള തുക 8,50,000 രൂപയായും ടെലിഫോൺ ചെലവിനുള്ള തുക 4,50,000 രൂപയായും മറ്റ് ചെലവുകൾക്കുള്ള തുക 15,00,000 രൂപയായും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള തുക 4,00,000 രൂപയായും പി.ഒ.എൽ. ഇനത്തിലുള്ള തുക 6,00,000 രൂപയായും വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-001-98—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം

വിഹിതം : 6,61,43,000 രൂപ (നോൺ പ്ലാൻ)

23. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും

നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെല വിനത്തിൽ മറ്റിനങ്ങൾക്കുള്ള തുക 8,50,000 രൂപയായും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലുള്ള തുക 5,00,000 രൂപയായും പി.ഒ.എൽ. ഇനത്തിലുള്ള തുക 7,00,000 രൂപയായും വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-001-97—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-നിർവ്വഹണം

വിഹിതം : 128,60,92,000 രൂപ (നോൺ പ്ലാൻ)

24. റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. ഇതിൽ, ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് അനുവദിച്ചിട്ടുള്ള തുക 10,00,000 രൂപയായും, വൈദ്യുതി ചെലവിനുള്ള തുക 15,00,000 രൂപയായും ടെലഫോൺ ചെലവിനുള്ള തുക 10,00,000 രൂപയായും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലുള്ള തുക 10,00,000 രൂപയായും വാടക, കരം, നികുതി എന്ന ഇനത്തിലുള്ള തുക 20,00,000 രൂപയായും പി.ഒ.എൽ. ഇനത്തിൽ 25,14,000 രൂപയായും വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-004-99—റോഡുകളും പാലങ്ങളും-ജനറൽ-ഗവേഷണവും പരിഷ്ക്കരണവും -കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 50,00,000 രൂപ (പ്ലാൻ)

2,64,81,000 രൂപ (നോൺ പ്ലാൻ)

25. ചീഫ് എഞ്ചിനീയർ, ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലെ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് അനുവദിച്ചിട്ടുള്ള തുക 25,000 രൂപയായും വൈദ്യുതി ചെലവിനുള്ള തുക 50,000 രൂപയായും വർദ്ധിപ്പിക്കണമെന്നും ടെലഫോൺ ചെലവിനത്തിൽ 25,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

3054-80-004-98—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

വിഹിതം : 3,60,76,000 രൂപ (നോൺ പ്ലാൻ)

26. ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും അലവൻസുകൾക്കും വേണ്ടിവരുന്ന തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക 50,000 രൂപയായി ഉയർത്തണമെന്നും പി.ഒ.എൽ. ഇനത്തിൽ 40,000 രൂപയും ഓഫീസ് ചെലവിന് ഒരു ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

3054-80-004-96—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും-പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

27. പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദമായ പഠനം നടത്താൻ വേണ്ടി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-052-98-റോഡുകളും പാലങ്ങളും-ജനറൽ-യന്ത്രോപകരണങ്ങൾ-വാഹനങ്ങളും അറ്റകുറ്റപ്പണികളും

വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

28. റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. അറ്റകുറ്റപണികൾ കഴിഞ്ഞ റോളറുകൾക്ക് പേയ്മെന്റ് നൽകാൻ 10 ലക്ഷം രൂപ വേണ്ടിവരുമെന്നതിനാലും വിവിധ വർക്ക്ഷോപ്പുകളിൽ പണി ചെയ്യാൻ കിടക്കുന്ന റോളറുകൾക്ക് 50 ലക്ഷം രൂപ വേണ്ടിവരുമെന്നതിനാലും ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-107-97—റോഡുകളും പാലങ്ങളും-ജനറൽ-റെയിൽവേ സുരക്ഷിതത്വ പണികൾ-കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

29. കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കുടിശ്ശിക തുക ഏകദേശം 4.50 കോടി രൂപയായതിനാൽ ഈ ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള

2 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-800-92-10—റോഡുകളും പാലങ്ങളും-ജനറൽ-കേരള റോഡ് ഫണ്ട്-സംഭാവന

വിഹിതം : 2,50,00,000 രൂപ (പ്ലാൻ)
132,08,00,000 രൂപ (നോൺ പ്ലാൻ)

30. കേരള റോഡ് ഫണ്ട് ബോർഡ് ആക്ട് പ്രകാരം മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഒരോ വർഷവും കേരള റോഡ് ഫണ്ടിലേക്ക് സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകേണ്ടതാണ്. ഈയിനത്തിൽ 31-3-2013 വരെയുള്ള കാലയളവിൽ കുടിശ്ശികയിനത്തിൽ ബോർഡിന് ലഭിക്കേണ്ട 170.39 കോടി രൂപ ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കിവരുന്ന തിരുവനന്തപുരം നഗരവികസന പദ്ധതി വിജയകരമാണെന്ന് കണ്ടതിനെത്തുടർന്ന് പ്രസ്തുത നഗരവികസനപദ്ധതി സംസ്ഥാനത്തെ മറ്റുപ്രധാന നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരത്തിൽ പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായി വരുന്നതായും കൊച്ചിയിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, എന്നീ നഗരങ്ങളിൽ പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതായും കൊല്ലം നഗരത്തിലും ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു.

32. മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനായി റോഡ് ഫണ്ട് ബോർഡിന് ഇപ്പോൾ അനുവദിച്ചുനൽകുന്ന മോട്ടോർ വാഹനനികുതി വരവിന്റെ 10%-ന് തുല്യമായ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത വിഹിതം 10%-ത്തിൽനിന്ന് 25% ആയി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059—പൊതുമരാമത്ത് മൂലധനച്ചെലവ്

4059-01-051-99—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സംസ്ഥാന നിയമസഭ

വിഹിതം : 20,00,000 രൂപ (പ്ലാൻ)

33. സംസ്ഥാന നിയമസഭയുടെ പരിഷ്ക്കരണ ജോലികൾ വേഗതയിലും പുരോഗതിയിലുമാണെന്ന് സമിതി മനസ്സിലാക്കുന്നു. നവീകരണ പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-98—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-നീതിന്യായ നിർവ്വഹണം

വിഹിതം : 50,00,000 രൂപ (പ്ലാൻ)

1,000 രൂപ (നോൺ പ്ലാൻ)

34. കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി സംസ്ഥാന പദ്ധതി പ്രകാരം ബഡ്ജറ്റ് വിഹിതം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന എറണാകുളം കോർട്ട് കോംപ്ലക്സ്, ആലപ്പുഴ കോടതിയുടെ 'എ' ബ്ലോക്ക് എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവിനും വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതിനാലും ആയതിന് ഒരു നിശ്ചിത തുക മാത്രമാണ് കേന്ദ്രസഹായമായി ലഭിക്കുന്നത് എന്നതിനാലും ഈ ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-97-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-ഇലക്ഷൻ-വൻകിട മരാമത്ത് പണികൾ

വിഹിതം : 2,00,000 രൂപ (പ്ലാൻ)

35. ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്നതിനുള്ള ഈ ശീർഷകത്തിൽ നടപ്പുവർഷം 2 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത മന്ദിരം നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിച്ച് കിട്ടുകയും നിർദ്ദിഷ്ട ജോലിക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത ശീർഷകത്തിൽ അധികം ആവശ്യമായിവരുന്ന തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-96-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-ഭൂനികുതി-വൻകിടമരാമത്ത് പണികൾ

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

36. ഭൂനികുതി വകുപ്പിലെ വിവിധ താലൂക്ക് റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി പ്രസ്തുത ശീർഷകത്തിലേക്ക് 2.5 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-95-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ്കെട്ടിടങ്ങൾ-നിർമ്മാണം-മുദ്രപ്പത്രങ്ങൾ, രജിസ്ട്രേഷൻ-വൻകിട മരാമത്തുപണികൾ

വിഹിതം : 2,50,00,000 രൂപ (പ്ലാൻ)

37. രജിസ്ട്രേഷൻ വകുപ്പിലെ പണികൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് ഈ ശീർഷകത്തിൽ 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2.5 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടങ്ങൾക്ക് ആകെ 9.0969 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുളളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിലേയ്ക്ക് 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-94-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സ്റ്റേറ്റ് എക്സൈസ്-വൻകിട മരാമത്തുപണികൾ

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

38. എക്സൈസ് വകുപ്പിലെ വിവിധ പണികൾക്കായി നടപ്പു സാമ്പത്തിക വർഷത്തേയ്ക്ക് 3.5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2 കോടി രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ എന്നിവയുടെ പല മേജർ പണികളും പൂർത്തിയാക്കേണ്ടതിനാലും തൃശൂർ അക്കാഡമിയുടെ പണി പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിലേക്ക് 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

4059-01-051-93-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-വിൽപ്പനനികുതി-വൻകിട മരാമത്തുപണികൾ

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

39. വാണിജ്യനികുതി വകുപ്പിലെ പല പണികളും വളരെ വേഗത്തിൽ നടന്നുവരുന്നതിനാലും കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കേണ്ടതിനാലും പ്രസ്തുത ശീർഷകത്തിലേക്ക് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-92-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-പബ്ലിക് സർവ്വീസ് കമ്മീഷൻ-വൻകിട മരാമത്തു പണികൾ

വിഹിതം : 50,00,000 രൂപ (പ്ലാൻ)

40. പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് 1 കോടി രൂപയാണ് ആവശ്യപെട്ടിരുന്നതെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന

തിനാലും കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പണികൾ ഏറ്റെടുക്കാനുള്ളതിനാലും ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-91-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്-വൻകിട മരാമത്തുപണികൾ

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

41. പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് 30 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 2 കോടി രൂപമാത്രമാണ് വകയിരുത്തിയിട്ടുളളത്. സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 30 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-90-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-ട്രഷറിയും അക്കൗണ്ട് ഭരണവും-വൻകിട മരാമത്തുപണികൾ

വിഹിതം : 50,00,000 രൂപ (പ്ലാൻ)

42. സംസ്ഥാനത്ത് ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് 2.5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-89-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-പോലീസ്-വൻകിട മരാമത്തുപണികൾ

വിഹിതം : 5,00,000 രൂപ (പ്ലാൻ)

43. ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണി ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ നടപ്പു സാമ്പത്തിക വർഷത്തേക്ക് 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുളളത്. 25 ലക്ഷം രൂപ മതിപ്പു ചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുളളതിനാലും പല ഓഫീസുകളുടെയും പണികൾ ചെയ്യാനുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-88-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-ജയിൽ-വൻകിട മരാമത്തുപണികൾ

വിഹിതം : 5,00,000 രൂപ (പ്ലാൻ)

44. ജയിൽ ഡി.ജി.പി., ഐ.ജി, ഡി.ഐ.ജി. എന്നീ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുള്ളത് 5 ലക്ഷം രൂപയാണ്. എന്നാൽ പ്രസ്തുത ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുളളതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-87—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സ്റ്റേഷനറിയും അച്ചടിയും-വൻകിട മരാമത്തുപണികൾ

വിഹിതം : 4,00,000 രൂപ (പ്ലാൻ)

45. സ്റ്റേഷനറിയും അച്ചടിയും വകുപ്പിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുള്ളതിനാൽ നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4 ലക്ഷം രൂപയ്ക്കു പുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-86-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-പൊതുമരാമത്തുപണികൾ (സിവിൽ ജോലികൾ)-വൻകിട മരാമത്തുപണികൾ

വിഹിതം : 10,92,50,000 രൂപ, വോട്ടുചെയ്തത് (പ്ലാൻ)

46. സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും നടപ്പുസാമ്പത്തിക വർഷത്തേക്ക് 40 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-85-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-അഗ്നിപ്രതിരോധവും നിയന്ത്രണവും-വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

47. വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തുനടത്താനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ നടപ്പുപണികൾക്കും പുതിയ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-82-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്-വൻകിട മരാമത്തുപണികൾ

വിഹിതം : 40,00,000 രൂപ (പ്ലാൻ)

48. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ പുതിയ ലിഫ്റ്റ് സ്ഥാപിക്കൽ ജോലി പുരോഗതിയിലായതിനാലും പ്ലാനിംഗ് ബോർഡിന്റെ വിവിധ നവീകരണ ജോലികൾക്കുവേണ്ടിയും വൈസ് ചെയർമാന്റെ വസതിയുടെ പണി ഏറ്റെടുക്കേണ്ടതിനാലും നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപയ്ക്കു പുറമേ 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-75-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ്കെട്ടിടങ്ങൾ-നിർമ്മാണം-വാണിജ്യ നികുതി വകുപ്പ്-വൻകിട മരാമത്തു പണികൾ

വിഹിതം : 5,00,00,000 രൂപ (നോൺ പ്ലാൻ)

49. വാണിജ്യനികുതി വകുപ്പിന്റെ പണികൾക്കായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ പര്യാപ്തമാണെങ്കിലും നടപ്പുവർഷം പ്ലാൻ ഇനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ, പ്ലാൻ ഇനത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-72—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-വില്ലേജാഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വിഹിതം : 4,40,00,000 രൂപ (പ്ലാൻ)

50. വില്ലേജാഫീസുകൾക്കുവേണ്ടിയുള്ള പ്രസ്തുത പുതിയ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് 5 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 4.40 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 195 ലക്ഷം രൂപയ്ക്കുള്ള വിവിധ വില്ലേജ് ആഫീസുകളുടെ പണി നടക്കുന്നതിനാൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-71-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ-പൊതുമരാമത്തുപണികൾ (കെട്ടിടങ്ങൾ)-വൻകിട മരാമത്തുപണികൾ

വിഹിതം : 5,00,00,000 രൂപ (നോൺ പ്ലാൻ)

51. മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിലെ പണികൾക്കുള്ള നോൺ പ്ലാൻ വിഹിതമായി 5 കോടി രൂപയാണ് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പാക്കേജിലെ 242 പണികൾക്കായി 471 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുള്ളവയിൽ 60 കോടിയോളം രൂപയ്ക്ക് പണി പൂർത്തിയാക്കിയിട്ടുള്ളതായും പ്രസ്തുത പാക്കേജിലെ മറ്റുള്ള പണികൾ വളരെ പുരോഗതിയിലാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ, എല്ലാ വകുപ്പുകളുടെയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 125 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-69—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം-സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ പഴയകെട്ടിടത്തിന്റെ അധികനില നിർമ്മാണം

വിഹിതം : ഇല്ല

52. പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ആവശ്യമായിവരുന്ന മുറയ്ക്ക് തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-68—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം പ്രോസിക്യൂഷൻ ജനറൽ ഓഫീസ് കെട്ടിടനിർമ്മാണം

വിഹിതം : 75,00,000 രൂപ (പ്ലാൻ)

53. പുതുതായി ആരംഭിച്ച ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുളള 75 ലക്ഷം രൂപയ്ക്കുപുറമേ ആവശ്യമായി വരുന്നമുറയ്ക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-67—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടം-നിർമ്മാണം-സർക്കാരിന്റെ കീഴിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം

വിഹിതം : ഇല്ല

54. ഹെറിറ്റേജ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ആരംഭിച്ച ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്; ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി; മഹാരാജാസ് കോളേജ്, എറണാകുളം ; യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം; എറണാകുളം ലാ കോളേജിലുള്ള കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ; ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം; കെ.എൻ.എം. ഗവൺമെന്റ് വിമൻസ് കോളേജ്, കണ്ണൂർ; ഗവൺമെന്റ് ടീച്ചർ എഡ്യൂക്കേഷൻ കോളേജ്, തിരുവനന്തപുരം, തലശ്ശേരി; സ്വാതിതിരുനാൾ സംഗീത കോളേജ്, തിരുവനന്തപുരം എന്നിവ പ്രസ്തുത പൈതൃക പദ്ധതിയിൽ ഉൾപ്പെടുന്നു. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുവാൻ 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-99-16—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-സംസ്ഥാന നിയമസഭ-വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

55. സംസ്ഥാന നിയമസഭയിലെ പണികൾക്കായി അനുവദിച്ച ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. നിയമസഭാ ഹാളിനകത്തെ ഇലക്ട്രോണിക്സ് സിസ്റ്റം മാറ്റി സ്ഥാപിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-98—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-നീതിന്യായനിർവ്വഹണം-ഹൈക്കോടതിയുടെയും ജില്ലാ കോടതിയുടെയും കെട്ടിടനിർമ്മാണം-50% കേന്ദ്രസഹായം

വിഹിതം : ഇല്ല

56. 50% കേന്ദ്രസഹായം ലഭിക്കുന്ന ഈ ശീർഷകത്തിൽ 2013-14 മുതൽ കേന്ദ്ര സഹായം 75% ആക്കുകയും ആയത് 4059-60-051-73 എന്ന ശീർഷകത്തിൽ ആക്കുകയും ചെയ്തു. കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. കേന്ദ്രസഹായം ലഭിക്കുന്നതുവരെ സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് തുക ലഭ്യമാക്കേണ്ടതെന്നതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-88-16—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-ജയിൽ-വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

57. ജയിൽ ഡി.ജി.പി., ഐ.ജി, ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണം ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകുവാനും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-86-16—പൊതുമരാമത്ത്-മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ)-വൻകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

58. സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും പണികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-85-16—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റുകെട്ടിടങ്ങൾ-നിർമ്മാണം-അഗ്നിപ്രതിരോധവും നിയന്ത്രണവും-വൻകിട മരാമത്തുപണികൾ

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

59. വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം 4 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും നടപ്പുപണികൾക്കും പുതിയ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ രണ്ടുകോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-77-16—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം-വൻകിട മരാമത്തുപണികൾ

വിഹിതം: 82,000 രൂപ (പ്ലാൻ)

60. പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 82,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പ്രഖ്യാപിച്ച 10 കോടി രൂപയുടെ പണികൾ ആരംഭിക്കുന്നതിനായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-74—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-ആറ്റിപ്ര വില്ലേജിൽ ബഹുനില ഓഫീസ് സമുച്ചയ നിർമ്മാണം.

വിഹിതം : ഇല്ല

61. പൊതുമരാമത്ത് വകുപ്പ് നേരിട്ട് ചെയ്യുന്നതല്ലാത്ത പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായിവരുന്ന മുറയ്ക്ക് തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-73—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം-കോടതികെട്ടിടങ്ങൾ-ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം (75% സി.എസ്.എസ്)

വിഹിതം : 23,06,43,000 രൂപ (പ്ലാൻ)

62. 75% കേന്ദ്ര സഹായമുള്ള ഈ ശീർഷകത്തിൽ ആവശ്യമായിവരുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-72-16—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം -നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന് കീഴിലുള്ള പദ്ധതികൾ-വൻകിട മരാമത്തുപണികൾ

വിഹിതം : 25,00,00,000 രൂപ (നോൺ പ്ലാൻ)

63. വിവിധ പണികളുടെ പുരോഗതിയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-001-99—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-ഭരണവും നടത്തിപ്പും-2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

വിഹിതം : 4,83,53,000 രൂപ (പ്ലാൻ)

64. 2059 എന്ന കണക്കിനത്തിൽ നിന്നും വകമാറ്റിയ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിന്റെ വിഹിതം ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ മറ്റു ശീർഷകങ്ങളിലെ തുകയ്ക്ക് ആനുപാതികമായി വർദ്ധന വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-001-98—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-ഭരണവും നടത്തിപ്പും-2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം (50% കേന്ദ്രസഹായം)

വിഹിതം : ഇല്ല

65. പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-001-97—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-ഭരണവും നടത്തിപ്പും-2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം (100% സി.എസ്.എസ്.)

വിഹിതം : 4,61,29,000 രൂപ (പ്ലാൻ)

66. പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-051-79—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-നിർമ്മാണം-ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം.

വിഹിതം : 2,88,30,000 രൂപ (പ്ലാൻ)

67. പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 2.8830 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2010-11 വർഷം 2 കോടി രൂപയുടെയും 2011-12 വർഷം 1.94 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത പണികൾ ചെയ്തുതീർക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-051-78-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-നിർമ്മാണം-സൈനിക സ്കൂൾ-വൻകിട മരാമത്തുപണികൾ

വിഹിതം—82,00,000 രൂപ (നോൺ പ്ലാൻ)

68. സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിന് പ്രസ്തുത തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-051-77-16—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-നിർമ്മാണം-മുൻഗണനാ പ്രവൃത്തികൾ-വൻകിട മരാമത്തുപണികൾ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

69. പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങുന്നതിനുവേണ്ടിയുള്ള തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് അധികതുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-052-99—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-യന്ത്രോപകരണങ്ങൾ-2059 പൊതുമരാമത്ത് എന്നതിൽ നിന്ന് പണിയായുധങ്ങൾക്കും യന്ത്ര സാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

വിഹിതം : 33,85,000 രൂപ (പ്ലാൻ)

70. 2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-052-98—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-യന്ത്രോപകരണങ്ങൾ-2059 പൊതുമരാമത്ത് എന്നതിൽ നിന്ന് പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം (50% കേന്ദ്രസഹായം)

വിഹിതം : ഇല്ല

71. 50% കേന്ദ്രവിഹിതം ഉൾപ്പെടുന്നതും 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം ഉൾപ്പെടുന്നതുമായ ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-052-97—പൊതുമരാമത്ത് മൂലധനച്ചെലവ്-ജനറൽ-യന്ത്രോപകരണങ്ങൾ- 2059 പൊതുമരാമത്ത് എന്നതിൽ നിന്ന് പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം (100% കേന്ദ്ര സഹായം)

വിഹിതം : 32,28,000 രൂപ (പ്ലാൻ)

72. 100% കേന്ദ്ര വിഹിതം ഉൾപ്പെടുന്നതും 2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം ഉൾപ്പെടുന്നതുമായ ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്

5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്-റോഡുപണികൾ

വിഹിതം : ഇല്ല

73. നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്ക്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിന് വിനിയോഗിക്കുന്നതിനുമുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കുറ്റിപ്പുറം, പുതുപൊന്നാനി റോഡ്, താഴെചൊവ്വാഭാഗത്തെ വീതി കൂട്ടൽ തുടങ്ങിയ പണികൾ ഉടൻ ആരംഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്-ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിട മരാമത്തുപണികൾ

വിഹിതം : 5,90,61,000 രൂപ (പ്ലാൻ)

74. നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്ക്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ നിന്നുമാണ് തുക വിനിയോഗിക്കുന്നത്. ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ പ്രസ്തുത ഭാഗങ്ങളിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല, നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-01-337-96—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്-ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം

വിഹിതം : ഇല്ല

75. പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ സംസ്ഥാനവിഹിതം, കോഴിക്കോട് ബൈപ്പാസിന്റെ ബാക്കിഭാഗം, തലശ്ശേരി-മാഹി ബൈപ്പാസ് തുടങ്ങിയവയ്ക്ക് തുക ആവശ്യമായതിനാലും ഈ ശീർഷകത്തിൽ 200 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-01-800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-മറ്റു ചെലവുകൾ-ദേശീയപാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

വിഹിതം : 4,83,00,000 രൂപ (പ്ലാൻ)

76. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത്, ദേശീയപാതയിലേക്ക് ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ നടപ്പാക്കുവാൻ വേണ്ടിയുള്ള ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാന രാജപാതകൾ-പാലങ്ങൾ-പാലങ്ങളും കലുങ്കുകളും -വൻകിട മരാമത്തുപണികൾ

വിഹിതം : 6,58,98,000 രൂപ (പ്ലാൻ)

77. സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾ ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ 57.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 6.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന രാജപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനായി ബാക്കി തുകയായ 50.91 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാന രാജപാതകൾ-റോഡുപണികൾ-വികസനവും പരിഷ്ക്കരണവും-വൻകിട മരാമത്തുപണികൾ

വിഹിതം : 20,59,31,000 രൂപ (പ്ലാൻ)

78. സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം മുതലായ ജോലികൾക്കുള്ള തുക ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ 402.50 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 20.5931 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന രാജപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാനും 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആവിഷ്ക്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും 381.91 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-03-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാന രാജപാതകൾ-റോഡുപണികൾ-ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

വിഹിതം : 2,47,12,000 രൂപ (പ്ലാൻ)

79. സംസ്ഥാന രാജപാതകളുടെ ഉപരിതല പുനരുദ്ധാരണ പരിപാടി എന്ന പുതിയ പദ്ധതി നടപ്പുസാമ്പത്തികവർഷം ആരംഭിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ 4342 കി. മീ. രാജപാതകളുടെ ഉപരിതല പുനരുദ്ധാരണം 20% വരെ ഒരു വർഷം ചെയ്യുകയാണെങ്കിൽ അധിക തുക ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ 8.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാലംപണികൾ-പ്രധാന ജില്ലാ തല റോഡുകൾ (പാലങ്ങളും കലുങ്കുകളും)-വൻകിട മരാമത്തു പണികൾ

വിഹിതം : 12,35,58,000 രൂപ (പ്ലാൻ)

80. പ്രധാന ജില്ലാതല റോഡുകളിൽവരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾ ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ

86.25 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 12.3558 കോടിയാണ് അനുവദിച്ചിട്ടുള്ളത്. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2013-14 വർഷം പുതുതായി ഭരണാനുമതി നൽകുന്നതിനും പ്രസ്തുത ശീർഷകത്തിൽ 73.89 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-101-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാലം പണികൾ-മറ്റു ജില്ലാതല റോഡുകൾ-പാലങ്ങളും കലുങ്കുകളും

വിഹിതം : ഇല്ല

81. മറ്റു ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾ ഉൾപ്പെടുന്ന പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാലംപണികൾ-മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ-പൊതുമരാമത്തു പണികൾ (പാലങ്ങൾ)

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

82. മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി സ്റ്റേഷൻകടവ് പാലം, തിരുനാവായപാലം, അഴിമാവ് കടവുപാലം, കുമാരനെല്ലൂർ റെയിൽവേമേൽപ്പാലം എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്ക്കരണവും-വൻകിട മരാമത്തുപണികൾ

വിഹിതം : 61,77,92,000 രൂപ, വോട്ടുചെയ്തത്, (പ്ലാൻ)

83. പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം എന്നിവയ്ക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 300 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 61.78 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2013-14 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 238.22 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-മറ്റു ജില്ലാതല റോഡുകൾ-പുതിയ പണികൾ

വിഹിതം : ഇല്ല

84. ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-മറ്റു ജില്ലാതല റോഡുകൾ-വികസനവും പരിഷ്ക്കരണവും.

വിഹിതം : ഇല്ല

85. ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-തീരദേശ ഹൈവേ

വിഹിതം : ഇല്ല

86. തീരദേശ ഹൈവേയുടെ പണികൾക്കായി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആവിഷ്ക്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 122 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റുറോഡുകളും-റോഡുപണികൾ-തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്ക്കരണം-വൻകിട മരാമത്തുപണികൾ

വിഹിതം : 3,29,49,000 രൂപ (പ്ലാൻ)

87. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്ക്കരണം എന്നീ ജോലികൾക്കുവേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 172.50 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 3.2949 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2013-14 വർഷം പുതുതായി ഭരണാനുമതി നൽകാനും ബാക്കി തുകയായ 169.21 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-88—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും സംബന്ധിച്ച മൂലധനച്ചെലവ് റോഡുപണികൾ-ശബരിമല മാസ്റ്റർ പ്ലാൻ

വിഹിതം : ഇല്ല

88. ശബരിമലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള റോഡുപണികൾക്ക് പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും 2013-14 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയും ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-83—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ-പൊതുമരാമത്ത് പണികൾ (പാതകൾ)

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

89. പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ-ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ.

വിഹിതം : ഇല്ല

90. ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപ്പണികൾക്കു വേണ്ടി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-പൊന്നാനി-വെങ്ങളം തീരദേശ ഹൈവേ നിർമ്മാണം

വിഹിതം : ഇല്ല

91. പൊന്നാനി-വെങ്ങളം തീരദേശ ഹൈവേ നിർമ്മാണത്തിനുവേണ്ടി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-05-337-99-01—റോഡുകളും പാലങ്ങളും-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-സാമ്പത്തികമായോ സംസ്ഥാനന്തരമായോ പ്രാധാന്യമുള്ള റോഡുകൾ (100% കേന്ദ്ര സഹായ പദ്ധതി)

വിഹിതം : ഇല്ല

92. പ്രധാന സംസ്ഥാനാന്തര റോഡുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പുതിയ റോഡുകളുടെ നിർമ്മാണത്തിനായി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-05-337-99-02—റോഡുകളും പാലങ്ങളും-ജില്ലാതല റോഡുകളും മറ്റു റോഡുകളും-റോഡുപണികൾ-സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ (50% കേന്ദ്രസഹായ പദ്ധതി)

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

93. 50% കേന്ദ്രസഹായമുള്ള പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതിയ റോഡുകളുടെ നിർമ്മാണനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുളളതായി സമിതി മനസ്സിലാക്കുന്നതിനാൽ, ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - റോഡുപണികൾ-സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം) വൻകിട മരാമത്ത് പണികൾ

വിഹിതം : 50,11,00,000 രൂപ (പ്ലാൻ)

94. പ്രസ്തുത ശീർഷകത്തിൽ 2013-14 വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 120 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-05-800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും മറ്റു ചെലവുകൾ-സി.ആർ.എഫ്. റോഡുകളും പാലങ്ങളും (സാധാരണ കരുതൽ)

വിഹിതം : 1,00,000 രൂപ (പ്ലാൻ)

95. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-001-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-ഭരണവും നടത്തിപ്പും-3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വിഹിതം.

വിഹിതം : 79,64,10,000 രൂപ (പ്ലാൻ)

96. 3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വിഹിതം ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായി തുക വകക്കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-004-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-ഗവേഷണം-ഡ്രിക് ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവും ശക്തിപ്പെടുത്തലും ആധുനികവൽക്കരണവും.

വിഹിതം : ഇല്ല

97. പൊതുമരാമത്തു വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുവേണ്ടി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-052-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് യന്ത്രോപകരണങ്ങൾ-റോഡുകളും പാലങ്ങളും-3054 എന്ന കണക്കിനത്തിൽനിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം.

വിഹിതം : 5,57,48,000 രൂപ (പ്ലാൻ)

98. 3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽനിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവ്-പൊതുമരാമത്തുവകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

99. പൊതുമരാമത്തു വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റു ചെലവുകൾ-റെയിൽവേ സുരക്ഷിതത്വ പണികൾ

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

100. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കായി ഈ കണക്കിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത് 10 കോടി രൂപയാണ്. 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട പുതിയ 40 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച 55 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-മേൽപ്പാലങ്ങളുടെ പൂർത്തീകരണം

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

101. മുടങ്ങിക്കിടന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാൻവേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 16 മേൽപ്പാലങ്ങളിൽ 13 എണ്ണം നടപ്പുവർഷം പണിതീർത്ത് ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിന് റെയിൽവേ വിഹിതത്തിനുപുറമേ ഏകദേശം 50 കോടി രൂപ ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ 49 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-73—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-ഒൻപത് മേൽപ്പാലങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

102. കേന്ദ്ര ഗവൺമെന്റ് പുതുതായി അനുമതി നൽകിയ 9 റെയിൽവേ മേൽപ്പാലങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന തുക വകയിരുത്തുന്നതിനുവേണ്ടി തുടങ്ങിയ ഈ ശീർഷകത്തിൽ 1 കോടി രൂപയാണ് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. കുഞ്ഞിപ്പള്ളി, അങ്ങാടിപ്പുറം, എരൂർ, ഫറൂക്ക് എന്നീ ആർ.ഒ.ബി.കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നതിനാൽ, 24.50 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 23.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം

വിഹിതം : 20,59,31,000 രൂപ (പ്ലാൻ)

103. കൊച്ചിയിൽ സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനുവേണ്ടി തുക വകയിരുത്തുന്നതിന് പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 20.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

104. കരിങ്ങാച്ചിറ മുതൽ കളമശ്ശേരി വരെ നിലവിലുള്ള 2 ലെയിൻ സീപോർട്ട്-എയർപോർട്ട് റോഡ് 4 വരിയാക്കുന്നതിന് 213 കോടി രൂപയും പ്രസ്തുത റോഡു നിർമ്മാണത്തിന്റെ രണ്ടാംഘട്ടത്തിന്റെ ഈ വർഷത്തെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 80 കോടി രൂപയും ഉൾപ്പെടെ 293 കോടി രൂപ നടപ്പുവർഷം ആവശ്യമാണെന്നും കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുംകൂടി മേൽപ്പറഞ്ഞ തുക വിനിയോഗിക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു.

105. ആയതിനാൽ, മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി പ്രസ്തുത ശീർഷകത്തിൽ 272.4069 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-70—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-മുൻഗണനാ പ്രവൃത്തികൾ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

106. മുൻഗണന നൽകി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്കുവേണ്ടി തുക വകയിരുത്തുന്നതിന് പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ വർഷം 100 കോടി രൂപയുടെയെങ്കിലും ഭരണാനുമതി നൽകുവാൻ ഉദ്ദേശിക്കുന്നതിനാൽ 75 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-69—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി

വിഹിതം : 140,03,29,000 രൂപ (പ്ലാൻ)

107. 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 170 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-68—റോഡുകളും പാലങ്ങളും-ജനറൽ-മറ്റു ചെലവുകൾ-പി.പി.പി. (ആന്വിറ്റി) നടപ്പാക്കൽ-റോഡു സംരക്ഷണം

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

108. പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 460 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 2 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

109. കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തിവരുന്ന മലയാറ്റൂർ പാലത്തിന്റെ പണി പൂർത്തീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുവേണ്ട അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

110. 2010-ലെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ അനുവദിച്ചതുപോലെ 4059-80-190-99 കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഷെയർ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പൊതുശുപാർശ

2059-01-051—ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം

111. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള സ്കൂളുകളോട് അനുബന്ധമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളുടെ മരാമത്തു പണികൾ ചെയ്യുന്നതിന് പൊതുമരാമത്തു വകുപ്പിന് സാധിക്കില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ അസറ്റ് മെയിന്റനൻസ് ഫണ്ട് പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

112. റോഡുകളുടെ വീതികൂട്ടുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടിവരുന്ന അത്യാവശ്യ സന്ദർഭങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ 10%-ൽ കവിയാത്ത തുക ആവശ്യമെങ്കിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XL—(തുറമുഖങ്ങൾ)

വോട്ട് ചെയ്തത് : 4,15,31,72,000 രൂപ.

ചാർജ് ചെയ്തത് : ഇല്ല

3051—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും

3051-02-001-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ ഭരണവും നടത്തിപ്പും-പോർട്ട് ഡയറക്ടറേറ്റ്

വിഹിതം : 1,71,74,000 രൂപ (നോൺ പ്ലാൻ)

113. തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി ഈ ശീർഷകത്തിൽ 164.60 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 171.74 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പുതുതായി അനുവദിച്ച കാറുകൾ, മോട്ടോർ സൈക്കിൾ എന്നിവയ്ക്കുള്ള ഇന്ധനത്തിന് 3 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപയും കൂടാതെ 05-4 അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിത്യനിദാന ചെലവുകൾക്കായി 2 ലക്ഷം രൂപയും ഉൾപ്പെടെ 9 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-001-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

വിഹിതം : 18,81,49,000 രൂപ, വോട്ട് ചെയ്തത്, (നോൺ പ്ലാൻ)

114. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്, വിവിധ സർക്കിൾ/ഡിവിഷൻ/സബ് ഡിവിഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രാബത്ത, കെട്ടിട നികുതി, അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപെന്റ്, പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് തുടങ്ങിയ ചെലവുകൾക്ക് തുക വകകൊള്ളിച്ചിരിക്കുന്ന ഈ ശീർഷകത്തിൽ 18.8 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1.9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-001-98-21-1—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം: 1,000 രൂപ (നോൺ പ്ലാൻ)

115. ഈ ശീർഷകത്തിൽ 2013-14 സാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പുതിയ വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-001-93—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-മാരിടൈം വിദ്യാഭ്യാസ പരിശീലന പരിപാടികളും ശേഷി വികസനവും

വിഹിതം: 6,90,00,000 രൂപ (പ്ലാൻ)

116. കേരളത്തെ കപ്പലോട്ട വിജ്ഞാന വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുള്ളത്. നീണ്ടകരയിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിക്കുകയും കൊടുങ്ങല്ലൂരിൽ 3-9-2011 മുതൽ ഇതിന്റെ സബ്സെന്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം, കെട്ടിടങ്ങളുടെ നിർമ്മാണം, പരിപാലനം, ഗ്രന്ഥശാലകളുടെ നിർമ്മാണം, കാമ്പസുകളുടെ പരിപാലനം, ലാബുകളിലേക്കാവശ്യമായ സാധന സാമഗ്രികൾ, പാഠപുസ്തകങ്ങൾ, പരിശീലനത്തിന് വേണ്ടിയുള്ള വീഡിയോ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, പരിശീലന ക്ലാസ്സുകൾ നടത്തുക, വിദഗ്ദ്ധാഭിപ്രായം തേടുക, വിദഗ്ദ്ധർക്കുള്ള ഫീ നൽകുക എന്നീ ആവശ്യങ്ങൾക്ക് വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷത്തിൽ 2013-14 വർഷത്തേക്ക് 19.55 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 6.9 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.65 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-001-92—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും-കേരള ഉൾനാടൻ ജലഗതാഗത നിയമം നടപ്പാക്കൽ

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

117. കേരളത്തിലെ വിവിധ ജില്ലകളിലെ ഉൾനാടൻ ജലവാഹനങ്ങൾ, കേരള ഉൾനാടൻ യാന നിയമത്തിൻകീഴിലെ രജിസ്റ്ററിംഗ് അതോറിറ്റിയും ചീഫ് സർവ്വേയറും നിശ്ചിതകാലം ഇടവിട്ട് പരിശോധിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി പ്രസ്തുത ഉദ്യോഗസ്ഥരുടെ യാത്രാസൗകര്യത്തിനായി ഒരു കാർ, ഒരു വിവിധോദ്ദേശ്യ വാഹനം എന്നിവ വാങ്ങുന്നതിനും എറണാകുളത്ത് ഓഫീസ് ഫോൺ സ്ഥാപിക്കുന്നതിനും വേമ്പനാട് കായലിലും തേക്കടിയിലും മറ്റ് ഉൾനാടൻ ജലപാതകളിലും ബോയ സ്ഥാപിക്കുന്നതിനും, ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും ഉതകുന്ന വിധത്തിൽ ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിനും സ്വീവേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നീണ്ടകരയിൽ ആരംഭിച്ച ഡൈവേഴ്സ് ട്രെയിനിംഗിനു വേണ്ടിയും പ്രസ്തുത ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ തുറമുഖ വകുപ്പ് 2010 മുതൽ കേരള ഉൾനാടൻ യാന നിയമനം (കെ.ഐ.വി.)റൂൾ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ആയതിനാൽ റോവർ ക്രാഫ്റ്റ് വാങ്ങുക, മുഖ്യപരീക്ഷാ പരിശോധകൻ കോമ്പിറ്റൻസി ടെസ്റ്റ് നടത്തുക തുടങ്ങിയവയ്ക്ക് ആവശ്യമായ തുകയും കൂടി ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷത്തേക്ക് 3.30 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 2.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-001-91—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും, ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും-സമുദ്ര, ജലഗതാഗത വ്യാപനംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള വിലയിരുത്തലും അവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും

വിഹിതം : 20,00,000 രൂപ (പ്ലാൻ)

118. സംസ്ഥാനത്തെ കപ്പൽ വ്യവസായ വികസനം, തീരദേശ കപ്പൽ ഗതാഗത വികസനം, കപ്പലോട്ട വ്യവസായത്തിലെ വിഭവങ്ങളുടെ ഫലദായകമായ ഉപയോഗം, തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും സംയോജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും കേടുകൂടാതെ നടത്തുന്നതിനും പരിസ്ഥിതി പഠനത്തിനും ആഘാത ലഘൂകരണത്തിനും ആവശ്യമായ നടപടികളുടെ വിലയിരുത്തൽ നടപ്പാക്കുക എന്നീ ആവശ്യങ്ങൾക്കുംവേണ്ട തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 40 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20 ലക്ഷം രൂപമാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-102-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ തുറമുഖ കാര്യാന്വേഷണം-പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

വിഹിതം : 7,03,98,000 രൂപ (നോൺ പ്ലാൻ)

119. നീണ്ടകര, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ പോർട്ടാഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെയും ജീവനക്കാരുടെയും, ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രെയിനുകൾ എന്നിവ പ്രവർത്തിപ്പിക്കുന്ന ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 7.25 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 7.03 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. പുതുതായി വാങ്ങിയ മൂന്ന് കാറുകൾക്കും ഒരു മോട്ടോർ സൈക്കിളിനും ഇന്ധനച്ചെലവിനായി 4.15 ലക്ഷം രൂപയും മെയിന്റനൻസിനായി 0.50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-102-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ തുറമുഖ കാര്യാന്വേഷണം-അന്വേഷണവും രക്ഷാനടപടിയും

വിഹിതം : 65,22,000 രൂപ (നോൺ പ്ലാൻ)

120. കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റ് ചെലവുകൾ യന്ത്രങ്ങളുടെ നടത്തിപ്പിനുള്ള ചെലവ്, മറ്റ് ചെലവുകൾ യന്ത്രോപകരണങ്ങളുടെ നടത്തിപ്പിനുള്ള ചെലവ്, മറ്റ് ചെലവുകൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 1.1382 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 65.22 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടഗ്ഗുകൾക്കും ബാർജ്ജുകൾക്കും ഇന്ധന ചെലവിനായി 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-103-93—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ ഡ്രെഡ്ജിംഗും സർവ്വേയിംഗും-ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 1,20,00,000 രൂപ (പ്ലാൻ)

: 1,000 രൂപ (നോൺ പ്ലാൻ)

121. കൊച്ചിയിൽ സ്ഥാപിച്ചിരിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രാഫിക് സർവ്വേ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം, വാഹന സൗകര്യം, ഓഫീസ് ചെലവുകൾ, ജീവനക്കാരുടെ വേതനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 25 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1.2 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഓഫീസ് ചെലവുകൾ കരാർ വ്യവസ്ഥയിലും പാർട്ട്ടൈം ആയും ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിന് വേണ്ടിവരുന്ന ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 23.84 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 1.3 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 23.84 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-103-92—തുറമുഖങ്ങളും, ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ ഡ്രെഡ്ജിംഗും സർവ്വേയിംഗും-കേരളത്തിലെ നോൺ മേജർ പോർട്ടുകളിൽ ഹൈഡ്രോഗ്രാഫിക് ഡാറ്റാ സെന്റർ സ്ഥാപിക്കൽ

വിഹിതം : 14,00,000 രൂപ (പ്ലാൻ)

122. ഡാറ്റാ, വേവ് ഡാറ്റാ, വിൻഡ് ഡാറ്റാ, കറന്റ് ഡാറ്റാ മുതലായവ ശേഖരിക്കുന്നതിനുവേണ്ടി തുറമുഖങ്ങളിൽ സ്ഥാപിക്കുന്ന ഡാറ്റാ സെന്ററുകളുടെ ചെലവുകൾക്ക് ആവശ്യമായ തുക വകകൊള്ളിച്ചിരിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 14 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051—തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്

5051-01-001-99—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്-വൻകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-വിഴിഞ്ഞം ആഴക്കടൽ വികസനം-അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

വിഹിതം: 1,00,000 രൂപ (പ്ലാൻ)

123. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖകൾ അംഗീകരിച്ചുകഴിഞ്ഞതായും സംസ്ഥാന സർക്കാർ വലിയതോതിലുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി മുതൽമുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

124. 2013-14 വർഷത്തെ ബജറ്റിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയടക്കം 10 പദ്ധതികൾക്ക് പശ്ചാത്തല വികസനത്തിനായി ആകെ 846.03 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും ആവശ്യാനുസരണം തുക ഇതിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതികൾ ഓരോന്നിനും ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 14-2-2012-ലെയും 20-11-2012-ലെയും സർക്കാർ ഉത്തരവുകളായ ജി.ഒ.(എംഎസ്.) നമ്പർ 8/2012/എഫ്.&പി.ഡി.അനക്സർ-1, ജി.ഒ.(എം.എസ്) നമ്പർ 83/12/എഫ്.&പി.ഡി. അനക്സർ-2 എന്നിവ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 250 കോടി രൂപ ബഡ്ജറ്റ് സഹായമായി അനുവദിക്കുന്നതാണെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുള്ളതാണെന്നും പ്രസ്തുത ഉറപ്പിന്മേലാണ് പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്നമുറയ്ക്ക് ലഭ്യമാകത്തക്കവണ്ണം പദ്ധതിക്കാവശ്യമായ ധനം വിവിധ ബാങ്ക് കൺസോർഷ്യങ്ങളിൽ നിന്നും, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും ബോണ്ടുകളായും കമ്പനിക്ക് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത പദ്ധതിക്കായി 250 കോടി രൂപ പ്രത്യേകമായി വകയിരുത്തിയില്ലെങ്കിൽ പദ്ധതിക്ക് ആവശ്യമായ ധനസമാഹരണം തീർത്തും

സാധ്യമല്ലാതെ വരുമെന്നും ഇത് പദ്ധതിയുടെ നടത്തിപ്പിനെത്തന്നെ ദോഷകരമായി ബാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം 250 കോടി രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-91—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്-ചെറുകിട തുറമുഖങ്ങൾ-മറ്റു ചെറുകിട തുറമുഖങ്ങൾ ഗവേഷണവും വികസനവും

വിഹിതം : 50,00,000 രൂപ (പ്ലാൻ)

125. വിവര സാങ്കേതിക വിദ്യയുടെ വർദ്ധിച്ച ഉപയോഗം, നെറ്റ് വർക്കിംഗ്, ഓഫീസുകൾ തമ്മിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ബന്ധിപ്പിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ വാങ്ങുകയോ വികസിപ്പിക്കുകയോ ചെയ്യുക, മണ്ണ് മാന്തൽ നടപടിയുമായി ബന്ധപ്പെട്ട ഉപദേശകരെ നിയമിക്കുക, പഠനത്തിനും ഗവേഷണത്തിനുമായി വിദഗ്ദ്ധരെ നിയമിക്കുക, പദ്ധതി രേഖകൾ തയ്യാറാക്കുക, പരിസ്ഥിതി ചൂഷണത്തിനെതിരെ പഠനം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുക, ജേർണലുകൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, സെമിനാറുകളും വർക്ക്ഷോപ്പുകളും കോൺഫറൻസുകളും നടത്തുക തുറമുഖങ്ങൾ സന്ദർശിക്കുക എന്നീ ആവശ്യങ്ങൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 2.30 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.80 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-86—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് -ചെറുകിട തുറമുഖങ്ങൾ-മറ്റു ചെറുകിട തുറമുഖങ്ങൾ-തുറമുഖങ്ങളുടെ വികസനം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

126. നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഒൻപത് തുറമുഖങ്ങളുടെ വികസനത്തിനായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 3.16 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ 2.16 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-83—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് -ചെറുകിട തുറമുഖങ്ങൾ-മറ്റു ചെറുകിട തുറമുഖങ്ങൾ-അഴീക്കൽ തുറമുഖ വികസനം

വിഹിതം: 10,00,00,000 രൂപ (പ്ലാൻ)

127. തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറിലുള്ളതും അല്ലാത്തതും, കൈകാര്യം ചെയ്യുന്ന എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന ഒരു തുറമുഖമായി അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ് പെട്രോൾ ബോട്ടുകൾ വാങ്ങുക, ട്രാൻസിറ്റ്ഷെഡ് തുറമുഖഭൂമി പച്ചവിരിക്കുക, സുന്ദരമാക്കുക, വെയ്ബ്രിഡ്ജ് ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 750 എച്ച്.പി. ടഗ്ഗ് വാങ്ങുക എന്നിവയ്ക്കും മണ്ണുമാന്തി വാങ്ങുന്നതിനും വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 53.85 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രാരംഭനടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ ഈ പദ്ധതി സെൻട്രൽ പ്രോജക്ട് ആയി വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 43.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-82—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്-ചെറുകിട തുറമുഖങ്ങൾ-മറ്റു ചെറുകിട തുറമുഖങ്ങൾ-വിഴിഞ്ഞം കാർഗോ തുറമുഖം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

128. വിഴിഞ്ഞം കാർഗോ തുറമുഖത്തിന്റെ സീവേർഡ് വാർഫ് 50 മീറ്റർ നീട്ടി പണിയുക, ഓഫീസ് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, ജീവനക്കാർക്ക് വസതികളും മറ്റു സൗകര്യങ്ങളും ഒരുക്കുക, വാർഫ് ബലപ്പെടുത്തുക, ഉപദേശകരെ നിയമിക്കുക, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക, ചരക്കു കൈകാര്യം ചെയ്യുന്നതിന് യന്ത്രങ്ങൾ വാങ്ങുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 16 കെ.വി.എ. ജനറേറ്റർ സെറ്റ്, പൈലറ്റ് പെട്രോൾ ബോട്ടുകൾ മുതലായവ വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷത്തേക്ക് 10.03 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.03 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-81—തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് -ചെറിട തുറമുഖങ്ങൾ-മറ്റു ചെറുകിട തുറമുഖങ്ങൾ-തങ്കശ്ശേരി തുറമുഖ വികസനം

വിഹിതം : 14,00,00,000 രൂപ (പ്ലാൻ)

129. തങ്കശ്ശേരി കാർഗോ തുറമുഖത്തിന്റെ തുറമുഖ ചാനൽ ആഴം കൂട്ടുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രം സ്ഥാപിക്കുക, ഡ്രഡ്ജർ വാങ്ങുക, തുറമുഖ തൊഴിലാളികൾക്ക് സുരക്ഷിതത്വവും ക്ഷേമവും നടപ്പിലാക്കുക, കാർഗോ വാർഫ് നിർമ്മിക്കുക, ആശ്രാമത്തെ ഉൾപ്പെടെയുള്ള സ്ഥലത്ത് കെട്ടിടങ്ങളും മറ്റും നിർമ്മിക്കുക, തുറമുഖ വികസനത്തിനുള്ള ഭൂമി പരിപാലിക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക, ചാനൽ മാർക്കിംഗ് ചെയ്യുക, ടഗ്ഗുകളുടെയും യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുക, റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുക, തുറമുഖഭൂമി പച്ചവിരിക്കുക, പൈലറ്റ് പെട്രോൾ ബോട്ടുകൾ വാങ്ങുക, സി.സി.എൻ. ഉൾപ്പെടെയുള്ള തുറമുഖ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക, പി.പി.പി. മോഡൽ സിമന്റ് ടെർമിനൽ സ്ഥാപിക്കുക എന്നിവയ്ക്കുവേണ്ടി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 57.85 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 14 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന തങ്കശ്ശേരി കാർഗോ തുറമുഖത്തിനായി ഈ ശീർഷകത്തിൽ 43.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-80—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്-ചെറുകിട തുറമുഖങ്ങൾ-മറ്റു ചെറുകിട തുറമുഖങ്ങൾ-ആലപ്പുഴ തുറമുഖ വികസനം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

130. ആലപ്പുഴ തുറമുഖത്തിലെ കെട്ടിടങ്ങളുടെ നിർമ്മാണം, ബ്രേക്ക് വാട്ടർ നിർമ്മാണം, ഡ്രഡ്ജിംഗ്, കടൽപ്പാലങ്ങൾ പണിയുക, ഓഫീസ് ക്വാർട്ടേഴ്സ് നിർമ്മാണം, പരിപാലനം, സജ്ജീകരണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, പെട്രോൾ ബോട്ട്, പൈലറ്റ് ബോട്ട് എന്നിവ വാങ്ങുക, ഇൻലന്റ് വെസലുകളിൽ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ, ഇന്ധനം എന്നിവ വാങ്ങുക, തുറമുഖഭൂമിയെ പച്ചവിരിക്കുക, സൗന്ദര്യവൽക്കരണം, തുറമുഖ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, എസ്.കെ.വി.എ. സൗരോർജ്ജ ഘടകങ്ങൾ എന്നിവ വാങ്ങുന്നതിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 5 കോടി രൂപ രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ആവശ്യങ്ങൾക്കായി 38.10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 33.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-74—തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് -ചെറുകിട തുറമുഖങ്ങൾ-മറ്റു ചെറുകിട തുറമുഖങ്ങൾ-ബേപ്പൂർ കോഴിക്കോട് തുറമുഖ വികസനം

വിഹിതം : 6,75,00,000 രൂപ (പ്ലാൻ)

131. ബേപ്പൂർ കോഴിക്കോട് തുറമുഖ വികസനത്തിന്റെ ഭാഗമായി പാസഞ്ചർ ടെർമിനലിൽ അധിക സൗകര്യങ്ങൾ ഒരുക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുക, സ്പീഡ് ബോട്ട്, ക്രെയിൻ ഇവ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും പരിപാടികൾ നടത്തുക, ജീവനക്കാർക്ക് വസതികളും സൗകര്യവും ഒരുക്കുക, തുറമുഖത്തേക്ക് റോഡ് സൗകര്യം ഒരുക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുകയോ വാങ്ങുകയോ ചെയ്യുക, ഐ.എസ്.പി.എസ്. കോഡ് അനുസരിച്ച് സുരക്ഷാ സംവിധാനം ഒരുക്കുക, ബ്രേക്ക് വാട്ടർ നിർമ്മിക്കുക, പൈലറ്റ് പെട്രോൾ ബോട്ട് വാങ്ങുക, തുറമുഖഭൂമി പച്ചവിരിക്കുക, വേ ബ്രിഡ്ജിംഗ് സ്ഥാപിക്കുക, ജീപ്പ്, ബോട്ട്, ടഗ്ഗ് എന്നിവ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷത്തേക്ക് 71.57 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 6.75 കോടി രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 64.82 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-73—തുറമുഖങ്ങൾ-ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്-ചെറുകിട തുറമുഖങ്ങൾ-മറ്റുചെറുകിട തുറമുഖങ്ങൾ-തിരുവനന്തപുരം (വലിയതുറ) തുറമുഖ വികസനം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

132. തിരുവനന്തപുരം നഗരത്തിൽ ചരക്ക് നീക്കത്തിന് ഉതകുന്നവിധം തിരുവനന്തപുരം വലിയതുറ തുറമുഖം വികസിപ്പിക്കുന്നതിന് വേണ്ടി ഇപ്പോഴുള്ള കടൽപ്പാലം പുതുക്കുകയും ബലപ്പെടുത്തുകയും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഗോഡൌണുകൾ പുതുക്കുകയും ആധുനീകരിക്കുകയും ചെയ്യുന്നതിനും സിഗ്നൽ സ്റ്റേഷൻ, ചുറ്റുമതിൽ, ഗേറ്റ്, കടൽപ്പാലത്തിലേക്കുള്ള ഗേറ്റ്, മറ്റ് സുരക്ഷാസംവിധാനങ്ങൾ, ജീവനക്കാർക്ക് വസതി കൂടാതെ ഗസ്റ്റ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും തുറമുഖഭൂമി പച്ചവിരിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ചെലവ് 5.70 കോടി രൂപയാണ്. എന്നാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 1 കോടി രൂപയാണ്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 4.7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-72—തുറമുഖങ്ങൾ-ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്-ചെറുകിട തുറമുഖങ്ങൾ-കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

133. കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖം, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽ ഗതാഗതത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖഭൂമി

പച്ചവിരിക്കുക എന്നീ ആവശ്യങ്ങൾക്കുവേണ്ടി നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 15.68 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-80-800-89—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്-ജനറൽ-മറ്റു ചെലവുകൾ-കടൽപ്പാലങ്ങളുടെയും മറ്റ് ഘടകങ്ങളുടെയും പ്രധാന അറ്റകുറ്റപ്പണികളും വലിയതോതിലുള്ള നിർമ്മാണങ്ങളും

വിഹിതം : 40,00,000 രൂപ (പ്ലാൻ)

134. കേരളതീരത്ത് നിലനിൽക്കുന്ന തുറമുഖങ്ങളുടെ സ്ട്രക്ച്ചറുകളുടെയും പിയറുകളുടെയും പ്രധാന അറ്റകുറ്റപ്പണികളും കൂട്ടിച്ചേർക്കലുകളുമാണ് ഈ വിഹിതത്തിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതെന്നും കൂടാതെ അപ്രോച്ച് റോഡുകൾ, പോർട്ട് സ്ട്രക്ച്ചറുകൾ, സിഗ്നൽ സ്റ്റേഷൻ, നാവിഗേഷണൽ സഹായം, കെട്ടിടം, ജലവിതരണ സംവിധാനം, ഫെൻഡറുകൾ, വൈദ്യുതി സംവിധാനം, വിഴിഞ്ഞം, തങ്കശ്ശേരി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ ആസ്തികളുടെ അറ്റകുറ്റപ്പണികൾ, ചീഫ് എഞ്ചിനീയർ ഓഫീസിലെ രണ്ടാം നിലയിലെ വികസന പ്രവർത്തനം, പുതിയാപ്പാ ഹാർബറിലെ ഇസ്പെക്ഷൻ ബംഗ്ലാവിന്റെ വികസനവും നവീകരണവും എന്നീ പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവൃത്തി ക്രമീകരിക്കുക ഉണ്ടായെന്നും കൂടാതെ ക്രമീകരിച്ച പ്രവൃത്തികൾക്ക് 50 ലക്ഷം രൂപയുടെ പെൻഡിംഗ് പേമെന്റ് ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപ്പു സാമ്പത്തിക വർഷം 40 ലക്ഷം രൂപമാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-80-800-62—തുറമുഖങ്ങൾ-ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്-പൊതുവായ മറ്റു ചെലവുകൾ-തീരദേശ കപ്പൽ ഗതാഗത വികസനം.

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

135. റോഡിനു പകരം കടലിലൂടെ ചരക്കു കൈകാര്യം ചെയ്യുന്നതു പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഈ പദ്ധതിയിൽ തുടക്കത്തിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തീരദേശ കപ്പൽ ഗതാഗതത്തിന്റെ പ്രോത്സാഹനത്തിന്, വാങ്ങിയതോ വാടകയ്ക്കെടുത്തതോ ആയ കപ്പലുകൾ ആവശ്യമാണ്. കൂടാതെ കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ സിമന്റ് ടെർമിനലുകൾ സ്ഥാപിക്കുക, തീരദേശ കപ്പൽ ഗതാഗത വ്യവസായത്തിന്റെ പ്രോത്സാഹനത്തിന് സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുക, ഇൻസെന്റീവ് നൽകുക, പ്രോജക്ടുകൾക്ക് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 39.30 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 34.30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

വോട്ട് ചെയ്തത് : 1884,32,67,000 രൂപ

ചാർജ് ചെയ്തത് : 34,74,00,000 രൂപ

3053—സിവിൽ ഏവിയേഷൻ

3053-02-190-99—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

വിഹിതം : ഇല്ല

136. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി ഫണ്ട് സമാഹരിക്കുന്നതിന് രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കുവേണ്ടി പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3055—റോഡ് ഗതാഗതം

3055-00-800-95—കേരള റോഡ് സുരക്ഷാഫണ്ടിലേക്ക് മാറ്റൽ

വിഹിതം : 34,71,00,000 രൂപ (നോൺ പ്ലാൻ)

137. സംസ്ഥാനത്ത് റോഡ് സുരക്ഷാപദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 2007-ലെ റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം രൂപീകരിച്ച കേരള റോഡ് സുരക്ഷാ അതോറിറ്റി, റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത ആക്ടിലെ 11-ാം വകുപ്പുപ്രകാരം മോട്ടോർ വാഹന സെസ്സ് ഇനത്തിൽ പൊതുജനങ്ങളിൽനിന്നും ഈടാക്കുന്ന തുക, മോട്ടോർ വാഹന ആക്ട് പ്രകാരമുള്ള രാജിയാക്കൽ ഫീസിന്റെ 50% എന്നിവയാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തന മൂലധനം. പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും വാർഷിക ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്. ഇപ്രകാരം ഫണ്ടിന്റെഭാഗമാകുന്ന തുക ഏതെങ്കിലും ദേശസാൽക്കൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതാണെന്ന് പ്രസ്തുത ആക്ടിന്റെ 11(3)-ാം വകുപ്പ് അനുശാസിക്കുന്നുമുണ്ട്.

138. 2012-13 സാമ്പത്തികവർഷം, സർക്കാർ പ്രസ്തുത ഫണ്ടിലേക്ക് അനുവദിച്ച 15 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. 2008-09 വർഷം മുതൽ 2012-13 വർഷം വരെ അതോറിറ്റിക്ക് ലഭിക്കേണ്ട 144,41,90,157 രൂപയിൽ 84,41,00,000 രൂപ മാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ള 60,00,90,157 രൂപയിൽ നടപ്പുസാമ്പത്തികവർഷം 34.71 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

139. ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ സംയോജിതമായി ഏകോപിപ്പിക്കുന്നതിന് കഴിയാത്ത അവസ്ഥയാണുള്ളതെന്ന് സമിതി വിലയിരുത്തുന്നു. 2007-ലെ റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 10(6), 11 എന്നീ വകുപ്പുകൾ പ്രകാരം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലുള്ളതും റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിക്കാൻ ബാക്കിയുള്ളതുമായ 25.29 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

140. അപകടസാധ്യത കൂടിയ സ്ഥലങ്ങളിലെ റോഡ് എഞ്ചിനീയറിംഗ് പോരായ്മകൾ പരിഹരിക്കുന്നതിന് റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും പ്രത്യേകം തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3056—ഉൾനാടൻ ജലഗതാഗതം

3056-00-001-99-01-4—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 60,000 രൂപ (നോൺ പ്ലാൻ)

141. ജലഗതാഗത വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ സമർപ്പിച്ച മുഴുവൻ മെഡിക്കൽ ബില്ലുകളും നൽകുന്നതിന് 2013-14 വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3056-00-001-98-01-4—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻസ്- ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 3,25,000 രൂപ (നോൺ പ്ലാൻ)

142. ജലഗതാഗത വകുപ്പിലെ ഓപ്പറേഷൻസ്/സാങ്കേതികവിഭാഗം ജീവനക്കാർ സമർപ്പിച്ച മുഴുവൻ മെഡിക്കൽ ബില്ലുകളും നൽകുന്നതിന് നടപ്പു വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3056-00-001-98-34—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻ-മറ്റുചെലവുകൾ

വിഹിതം : 9,00,00,000 രൂപ (നോൺ പ്ലാൻ)

143. ജലഗതാഗത വകുപ്പിന്റെ സർവ്വീസ് ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസലിന്റെ അടിക്കടിയുള്ള വിലവർധനവുമൂലമുണ്ടാകുന്ന അധികച്ചെലവ് നേരിടാനും സർവ്വീസ് മുടക്കം ഒഴിവാക്കാനും പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3056-00-001-97-19—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റപ്പണികളും സംരക്ഷണവും-യന്ത്രോപകരണങ്ങൾ

വിഹിതം : 50,00,000 രൂപ (നോൺ പ്ലാൻ)

144. ജലഗതാഗത വകുപ്പിന്റെ സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ സ്പെയർപാർട്സുകൾ വാങ്ങുന്നതിനും ഇത് സംബന്ധിച്ച പെൻഡിംഗ് ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3075—മറ്റ് ഗതാഗത സർവ്വീസുകൾ

3075-60-800-97—മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-മറ്റുചെലവുകൾ-ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

വിഹിതം : 1,82,50,000 രൂപ (നോൺ പ്ലാൻ)

145. സംസ്ഥാനത്തെ ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 1.825 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജലഗതാഗത കനാലുകളുടെ സംരക്ഷണത്തിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3075-60-800-96—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

വിഹിതം : ഇല്ല

146. കൊച്ചിയിൽ മെട്രോ റെയിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായുള്ള അഞ്ച് പ്രാരംഭ പ്രവൃത്തികൾക്കായി 158.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ, പദ്ധതിയുടെ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ ഭരണാനുമതി നൽകണമെന്ന് കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളതായും പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഡി.എം.ആർ.സി. 110 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കൊച്ചി മെട്രോയുടെ അനുബന്ധപ്രവർത്തനങ്ങൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 110 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3075-60-800-93—ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാപഠനം

വിഹിതം : ഇല്ല

147. നിർദ്ദിഷ്ട ഇടുക്കി വിമാനത്താവളത്തിനുള്ള സാധ്യതാപഠനവും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുവാൻ കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തുകയും സാധ്യതാപഠനങ്ങൾക്കായി കൊച്ചിയിലെ ഐ.എഫ്.സി.ഐ. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും പഠനം ആരംഭിക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു.

148. കൺസൾട്ടൻസി ഫീസിനത്തിൽ 130 ലക്ഷം രൂപയും പബ്ലിക് റിലേഷൻസ് ആന്റ് സോഷ്യൽ മീഡിയ ക്യാമ്പയിനുവേണ്ടി 20 ലക്ഷം രൂപയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണത്തിനായി 100 ലക്ഷം രൂപയും സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 350 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനങ്ങൾക്കും അനുബന്ധപ്രവർത്തനങ്ങൾക്കുമായി 2013-14 വർഷം കെ.എസ്.ഐ.ഡി.സി.ക്ക് ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3075-60-800-92—നിർദ്ദിഷ്ട വയനാട് എയർപോർട്ടിനായുള്ള സാധ്യതാപഠനം

വിഹിതം : ഇല്ല

149. നിർദ്ദിഷ്ട വയനാട് വിമാനത്താവളത്തിന്റെ സാധ്യതാപഠനവും ആയത് സ്ഥാപിക്കുന്നതിനുവേണ്ട നടപടികളും കൈക്കൊള്ളുന്നതിന് കെ.എസ്. ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പത്രപ്പരസ്യത്തിലൂടെ കണ്ടെത്തിയ മുംബൈയിലുള്ള നൈറ്റ് ഫ്രാങ്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും, എയർപോർട്ട് പ്ലാനേഴ്സ് ആന്റ് ഡിസൈൻ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള കൺസോർഷ്യത്തിനെ സാധ്യതാപഠനം നടത്തുന്നതിന് കെ.എസ്.ഐ.ഡി.സി. ചുമതലപ്പെടുത്തുകയും ഇതോടൊപ്പം വിമാനത്താവളത്തിനായുള്ള മാർക്കറ്റിംഗ് ക്യാമ്പയിൻ, അനുയോജ്യമായ സ്ഥലം, നിക്ഷേപകർ തുടങ്ങിയവ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

150. കൺസൾട്ടൻസി ഫീസിനത്തിൽ 73 ലക്ഷം രൂപയും പബ്ലിക് റിലേഷൻ ആന്റ് സോഷ്യൽ മീഡിയ ക്യാമ്പയിനുവേണ്ടി 2 ലക്ഷം രൂപയും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണത്തിനുവേണ്ടി 1 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി ഒരു കോടി രൂപയും ഇതര ചെലവുകൾക്കായി 7 ലക്ഷം രൂപയും ഉൾപ്പെടെ 3 കോടി രൂപ കെ.എസ്.ഐ.ഡി.സി.യുടെ ചുമതലയിൽ നടത്തിവരുന്ന വയനാട് വിമാനത്താവളത്തിന്റെ സാധ്യതാപഠനങ്ങൾക്കും നടപടികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5053—സിവിൽ എവിയേഷൻ മൂലധനച്ചെലവ്

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 1,00,000 രൂപ (പ്ലാൻ)

: 1,000 രൂപ (നോൺ പ്ലാൻ)

151. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണച്ചുമതല കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (KIAL) കമ്പനിക്ക് നൽകിയതായും പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നോഡൽ ഏജൻസിയായ കിൻഫ്രയാണ് നടത്തുന്നതെന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ബാങ്ക് വായ്പ മുഖേനയാണ് കണ്ടെത്തുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട LAR കേസുകൾ തീർപ്പാക്കുന്നതിന് അഞ്ചുകോടി രൂപയും വിമാനത്താവളത്തിന്റെ ചുറ്റുമതിൽ നിർമ്മാണം, ജലവിതരണ പദ്ധതി, വൈദ്യുതി സബ്സ്റ്റേഷൻ നിർമ്മാണം, കൺസൾട്ടൻസി ഫീസ്, എർത്ത് വർക്ക് എന്നിവയ്ക്കായി 155.89 കോടി രൂപയും 2013-14 വർഷം ആവശ്യമാണ്. കൂടാതെ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി (KIAPS)-ക്ക് ഫണ്ട് സമാഹരണത്തിനായി KIAL-ന്റെ ഓഹരികൾ വാങ്ങുന്നതിന് നടപ്പുവർഷം 33.5 കോടി ആവശ്യമാണ്.

152. ആയതിനാൽ, നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള ഒരു ലക്ഷം രൂപയ്ക്കുപുറമേ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 194.38 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5053-02-190-93—കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

153. കോഴിക്കോട് എയർപോർട്ട് വികസനത്തിനായി, തിരൂരങ്ങാടി പള്ളിക്കൽ വില്ലേജിൽ നിന്ന്, 137 ഏക്കർഭൂമിയും പുനരധിവാസത്തിനു വേണ്ടിയുള്ള 20 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 157 ഏക്കർഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുകൾ ലഘൂകരിക്കുന്നതിനും, പരമാവധി സഹകരണം ഉറപ്പുവരുത്തുന്നതിനും വേണ്ടി പുനരധിവാസത്തിനാവശ്യമായഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

154. ആയതിനാൽ പ്രസ്തുത പദ്ധതിക്കുള്ള സ്ഥലമെടുപ്പിന് 185 കോടി രൂപയും പുനരധിവാസത്തിന് 20 കോടി രൂപയും ചേർത്ത് 205 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5055—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5055-00-800-91—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-മറ്റുചെലവുകൾ-റോഡ് സുരക്ഷാക്രമീകരണങ്ങൾ

വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

155. റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി എറണാകുളത്തും തിരുവനന്തപുരത്തും മോട്ടോർ വാഹനവകുപ്പിന്റെ കീഴിൽ കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുന്നതിന് ലഭ്യമായിട്ടുള്ള സ്ഥലത്ത് ഭൂമി നികത്തുന്നതിനും വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് കൈറഡാറുകൾ വാങ്ങുന്നതിനും ദേശീയ സംസ്ഥാനപാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ തിരുവനന്തപുരം നഗരത്തിലേതുപോലെ നിരീക്ഷണക്യാമറകൾ സ്ഥാപിച്ച് ഗതാഗത ലംഘനം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം നാലുജില്ലകളിൽ ഏർപ്പെടുത്തുന്നതിനും നൂതനപദ്ധതിയായ ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം സംബന്ധിച്ച വിശദപഠനത്തിനും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5056—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5056-00-104-90—സാഗരറാണി-3-ന്റെ നിർമ്മാണം

വിഹിതം : 8,50,00,000 രൂപ (പ്ലാൻ)

156. കെ.എസ്.ഐ.എൻ.സി. കഴിഞ്ഞ എട്ടുവർഷമായി സാഗരറാണി എന്ന പേരിൽ പൊതുജനങ്ങൾക്കായി കടലിലേക്ക് സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബോട്ട് സർവ്വീസ് നടത്തിവരുന്നു. ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന കൊച്ചിയിലെ വിനോദസഞ്ചാരസാധ്യതകൾ മുതലെടുക്കുന്നതിനും ഇത്തരം ബോട്ട് സർവ്വീസ്

നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള മത്സരം നേരിടുന്നതിനും കൂടുതൽ വലിപ്പമുള്ളതും വിദേശരാജ്യങ്ങളിലുള്ളതുപോലെ പ്രത്യേക വിഷയങ്ങളെ ആസ്പദ മാക്കിയുള്ളതുമായ യാത്രകൾ നടത്തുന്നതിന് ഉതകുന്ന രീതിയിലുള്ളതും ആകർഷക വുമായ ഒരു ഉല്ലാസനൗക നിർമ്മിക്കാൻ കെ.എസ്.ഐ.എൻ.സി.ക്ക് പദ്ധതിയുണ്ട്. ഇത്തരം ക്രൂയിസ് പാക്കേജുകളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിനുപുറമേ തീമുമായി ബന്ധപ്പെട്ട സുവനീറുകൾ തുടങ്ങിയവയുടെ വിൽപ്പനയിൽനിന്നും കൂടുതൽ വരുമാനമുണ്ടാക്കാമെന്നും സമിതി വിലയിരുത്തുന്നു. എന്നാൽ ഇൻലാന്റ് വെസ്സൽ റൂൾസ് അനുസരിച്ച് നിർമ്മിക്കപ്പെടുന്ന വാഹനങ്ങൾക്ക് പരിമിതികൾ ഉള്ളതിനാൽ പ്രസ്തുത വിനോദനൗക മർച്ചന്റ് ഷിപ്പിംഗ് നിയമപ്രകാരം നിർമ്മിക്കേണ്ടിവരുമെന്ന തിനാൽ നിർമ്മാണച്ചെലവ് താരതമ്യേന കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ നിർമ്മാണത്തിനായി 10 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. സാഗരറാണി-3-ന്റെ നിർമ്മാണത്തിനായി 8.5 കോടി രൂപയാണ് 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, ഇതിന് പുറമേ 1.5 കോടി രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5056-00-104-89—കടത്ത് സർവ്വീസ് ടെർമിനലിന്റെ പുനർ നിർമ്മാണം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

157. കൊച്ചിയിലെ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ വിനോദസഞ്ചാര സർവ്വീസുകൾ പ്രവർത്തിക്കുന്നത് ഹൈക്കോടതിക്ക് സമീപമുള്ള ഫെറി ടെർമിനലിൽ നിന്നാണ്. കൊച്ചി മറൈൻ ഡ്രൈവിലെ നടപ്പാതയുടെ ഒരുഭാഗം ഫെറി ടെർമിനലിനായി ഉപയോഗ പെടുത്തിയിട്ടുണ്ട്. ഫെറി ടെർമിനലിന്റെ കെട്ടിടം ഈ നടപ്പാതയെ രണ്ടായി വിഭജിക്കുകയും നടപ്പാതയുടെ വടക്കുവശം അനാകർഷകമായി കിടക്കുകയും ചെയ്യുന്നതിനാൽ നടപ്പാതയുടെ ഉടമസ്ഥരായ വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) ഫെറി ടെർമിനൽ കെട്ടിടം നടപ്പാതയെ വിഭജിക്കാത്ത വിധത്തിൽ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ആയതിന് അധികതുക ഈടാക്കാതെ തന്നെ സ്ഥലം ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പുതിയ ഫെറി ടെർമിനൽ കെട്ടിടം നിർമ്മിക്കുന്നതിനും വലിയ ജലവാഹനങ്ങൾ അടുക്കുന്ന രീതിയിൽ ജെട്ടി പുനരുദ്ധരിക്കുന്നതിനും തീരുമാനിക്കു കയും ആയതിന്റെ പ്ലാനും ഡിസൈനും തയ്യാറാക്കി കൊച്ചി കോർപ്പറേഷന്റെയും ജി.സി.ഡി.എ.-യുടെയും അനുമതി നേടുകയും ചെയ്തിട്ടുണ്ട്.

158. പ്രസ്തുത ഫെറി ടെർമിനലിന്റെ കെട്ടിടനിർമ്മാണത്തിനും ജെട്ടി പുനരുദ്ധരിക്കുന്നതിനുമായി 1.50 കോടി രൂപ ചെലവ് വരുമെന്നതിനാൽ ഈ ശീർഷ കത്തിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയ്ക്കുപുറമേ 50 ലക്ഷം രൂപ അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5075—മറ്റുഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്

5075-60-190-96—കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

വിഹിതം : 50,000 രൂപ (പ്ലാൻ)

: 1,000 രൂപ (നോൺ പ്ലാൻ)

159. കെ.എം. ആർ.എൽ. ഡയറക്ടർ ബോർഡ് അംഗീകരിച്ച ഉടമ്പടിപ്രകാരം കൊച്ചി മെട്രോയുടെ മുഴുവൻ നിർമ്മാണപ്രവർത്തനങ്ങളും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ ചുമതലയിലായതിനാൽ, ഇതിലേക്കായി വേണ്ടിവരുന്ന തുക കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഡി.എം.ആർ.സി.-ക്ക് കൈമാറേണ്ടതാണ്. ഡി.എം.ആർ.സി.യുടെ അഭ്യർത്ഥനപ്രകാരം 2013-14 വർഷത്തേക്ക് ഈ ഇനത്തിൽ നൽകേണ്ട 1619 കോടി രൂപയിൽ 474 കോടി രൂപ വായ്പയായും ബാക്കി തുക കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റ് വിഹിതമായും കണ്ടെത്തേണ്ടതാണ്. ആയതിനാൽ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രവർത്തനച്ചെലവടക്കം സംസ്ഥാന സർക്കാരിന്റെ ഓഹരിയായി നൽകേണ്ടത് 570 കോടി രൂപയാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ 2013-14 വർഷത്തേക്കുള്ള തുക 570 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5075-60-800-83—കെ.എം.ആർ.എൽ.-കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

വിഹിതം : 50,000 രൂപ (പ്ലാൻ)

160. കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയപ്പോൾ മുന്നോട്ടുവച്ച വ്യവസ്ഥയനുസരിച്ച് പദ്ധതിക്കുവേണ്ട സ്ഥലം ഏറ്റെടുത്ത് നൽകേണ്ടത് കേരള സർക്കാരാണ്. ഇതിനുവേണ്ടി പദ്ധതിയുടെ ഡി.പി.ആർ.-ൽ കാണിച്ചിരിക്കുന്ന തുക 672 കോടി രൂപയാണെങ്കിലും പാർക്കിംഗ്, പ്രോപ്പർട്ടി ഡെവലപ്മെന്റ് തുടങ്ങിയ ആവശ്യങ്ങൾക്ക് കൂടുതൽ സ്ഥലം ആവശ്യമായി വന്നതിനാൽ 17-10-2012-ലെ 64/12/ഗതാഗതം നമ്പർ സർക്കാർ ഉത്തരവുപ്രകാരം 94.5255 ഹെക്ടർ സ്ഥലം മുട്ടം യാർഡിന്റെ വികസനത്തിനായും പ്രോപ്പർട്ടി ഡെവലപ്മെന്റിനായും ഏറ്റെടുക്കുന്നതിന്ഭരണാനുമതി നൽകിയിട്ടുള്ളതായും ഈ ഇനത്തിൽ ഇപ്പോൾ കണക്കാക്കിയിരിക്കുന്ന ചെലവ് 1100 കോടി രൂപയാണെന്നും സമിതി മനസ്സിലാക്കുന്നു. ഇതിൽ 209.25 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. പദ്ധതി കാര്യക്ഷമമായി ഉദ്ദേശിച്ച നിർമ്മാണ കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിന് ബാക്കി തുക ഈ സാമ്പത്തികവർഷം അനുവദിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ 2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 890.75 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5075-60-800-81—മറ്റുഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി

വിഹിതം : ഇല്ല.

161. ആലപ്പുഴ കനാൽ ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 11.04 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് ഈ ശീർഷകത്തിൽ 2.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7053—സിവിൽ ഏവിയേഷനുള്ള വായ്പകൾ

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

162. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി 18.92 ഏക്കർ സ്ഥലം ഏറ്റെടുത്ത് എയർ പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നൽകുന്നതിന് 200 കോടി രൂപ ആവശ്യമാണ്. പ്രസ്തുത വിമാനത്താവളത്തിനു വേണ്ടി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR കേസുകളിൽ ഡിക്രിയും ജഡ്ജ്മെന്റും ലഭിച്ച 16 കേസുകളിൽ കോടതിയിൽ കെട്ടിവയ്ക്കുന്നതിനായി 3.5 കോടി രൂപയും കൂടാതെ ജഡ്ജ്മെന്റ് ലഭിക്കാനുള്ള 15 കേസുകൾക്ക് വേണ്ടിവരുന്ന തുകയും ഉൾപ്പെടെ 10 കോടി രൂപയും ആവശ്യമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ ആകെ 210 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതു ശുപാർശ

163. കൊച്ചി മൊബിലിറ്റി ഹബ്ബിന്റെ ഭാഗമായുള്ള വൈറ്റില-കാക്കനാട് ബോട്ട് സർവ്വീസിന്റെ യാത്രാസമയം 25 മിനിട്ടായി കുറയ്ക്കുന്ന വിധത്തിൽ വേഗത കൂടിയ ഫെറി ബോട്ടുകൾ ഉപയോഗിക്കണമെന്നും മിനിമം യാത്രാക്കൂലി വർദ്ധിപ്പിച്ച് 4 രൂപയാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഈ ആവശ്യത്തിനായി ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 2 ബോട്ടുകൾക്ക് പുറമേ രണ്ട് ബോട്ടുകൾ കൂടി നിർമ്മിക്കുന്നതിനുള്ള തുക അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

164. 2013-14 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പയായി 125 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും 59 കോടി രൂപ പ്ലാൻ ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കോർപ്പറേഷന്റെ സാമ്പത്തികപ്രതിസന്ധി പരിഹരിക്കുന്നതിനായി 200 കോടി രൂപ അധികധനസഹായം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കെ.ടി.ഡി.എഫ്.സി.യിൽ നിന്നും വായ്പയായി 360 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

165. നിലവിൽ കോർപ്പറേഷൻ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ കൂടി കടന്നുപോകുകയാണെന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും പെൻഷൻ നൽകുന്നതിനും വായ്പ തിരിച്ചടവിനും ഡീസൽ

ചെലവിനുമുള്ള തുക നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ റവന്യൂ വരുമാനത്തിൽനിന്നും കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും സമിതി വിലയിരുത്തുന്നു. 2013–14 സാമ്പത്തികവർഷത്തെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 974.37 കോടി രൂപയാണ്. നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയും സർക്കാർ പ്രഖ്യാപിച്ച ധനസഹായവും കെ.ടി.ഡി.എഫ്.സി.യിൽ നിന്നുള്ള ലോണും ഉൾപ്പെടെയുള്ള തുകകൂടി ചേർന്നാലും 289.37 കോടി രൂപയുടെ അന്തരം ചെലവും വരുമാനവും തമ്മിൽ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിൽ 89 കോടി രൂപ പ്രവർത്തനം മെച്ചപ്പെടുത്തിയും ചെലവ് ചുരുക്കിയും കെ.എസ്.ആർ.ടി.സി. തന്നെ കണ്ടെത്തുന്നതാണെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പിനായി 200 കോടി രൂപ കൂടി സർക്കാർ ധനസഹായമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സി.എൻ.ജി. കൺവേർഷൻ**

166. കെ.എസ്.ആർ.ടി.സി. രൂക്ഷമായ സാമ്പത്തികപ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് ബസ്സുകളുടെ ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന് ഡീസൽ ഇന്ധനത്തിൽനിന്നും സി.എൻ.ജി.(സമ്മർദ്ദിതപ്രകൃതിവാതകം)-യിലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഇന്ധനച്ചെലവിന് പുറമേ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ഇത് സഹായകരമാണ്. ഇതിന്റെ ഭാഗമായി കൊച്ചിയിൽ സി.എൻ.ജി. പ്ലാന്റ് സ്ഥാപിക്കുന്നതിന് 100 കോടി രൂപയുടെ കേന്ദ്രസഹായം ലഭിക്കുന്നതാണ്. എന്നാൽ ബസ്സുകളിൽ സി.എൻ.ജി. കിറ്റ് സ്ഥാപിക്കുന്നതിനും ബസ്സുകളിൽ ഇന്ധനം നിറയ്ക്കുന്നതിന് ആവശ്യമായ സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും വേണ്ടിവരുന്ന തുക കെ.എസ്.ആർ.ടി.സി. കണ്ടെത്തേണ്ടതുണ്ട്.

167. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സി.എൻ.ജി. കൺവേർഷനുവേണ്ട തുക വകയിരുത്തുന്നതിന് ബഡ്ജറ്റിൽ ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ഇതിനുവേണ്ടി 5 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി V.*

തിരുവനന്തപുരം,
2013 മേയ് 15.